➪ അടിമകളോടെന്ന പോലെയാണ് തൊഴിലാളികളോട് പ്ലാന്റർമാർ ഇടപെട്ടിരുന്നത് ➪

# കേരള വികസന മാതൃകയ്ക്ക് ഈ തോട്ടങ്ങൾ അപമാനമാണ്

അടിമസമ്പ്രദായത്തിന് സമാനമായ തൊഴിൽ സാഹചര്യം ഇപ്പോഴും തുടരുന്ന തേയില തോട്ടങ്ങൾ ജനാധിപത്യ കേരളത്തിന് എങ്ങനെയാണ് അപമാനമായിത്തീരുന്നത്? സ്വന്തമായി ഒരുതരി മണ്ണുപോലുമില്ലാതെ ഇന്നും ലയങ്ങളിൽ താമസിക്കുന്ന തോട്ടം തൊഴിലാളികൾക്ക് കേരള വികസന മാതൃകയിൽ എവിടെയാണ് സ്ഥാനം? പെമ്പിളെ ഒരുമെ സമരത്തിന്റെ പശ്ചാത്തലത്തിൽ സംസാരിക്കുന്നു... ലണ്ടൺ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ഗവേഷകനും നരവംശശാസ്ത്രജ്ഞനുമായ

**ജയശീലൻ രാജ്**

**കേരളത്തിലെ പ്ലാന്റേഷൻ മേഖലയുടെ ചരിത്രം നീതിനിഷേധങ്ങളുടെ ഒരു നീണ്ട പട്ടികയാണല്ലോ നമുക്ക് മുന്നിൽ തുറന്നിടുന്നത്. കൊളോണിയൽ ഭരണകാലത്ത് യൂറോപ്യൻ പ്ലാന്റർമാർ അടിമകളെപ്പോലെയാണ് തോട്ടം തൊഴിലാളികളോട് പെരുമാറിയിരുന്നത് എന്ന് കേട്ടിട്ടുണ്ട്. എത്രമാത്രം അനീതി നിറഞ്ഞതായിരുന്നു ആ കാലം? അതിന്റെ തുടർച്ചകളല്ലേ ഇന്നും തോട്ടം മേഖലയിൽ കാണുന്നത്?**

ഏകവിളത്തോട്ടങ്ങൾ കേരളത്തിലേക്ക് വരുന്നത് 1830കൾ കഴിഞ്ഞിട്ടാണ്. 1860കൾക്ക് ശേഷമാണ് തോട്ടങ്ങൾ ഇവിടെ വ്യാപകമാകുന്നത്. ലോകത്തിന്റെ മറ്റ് പല ഭാഗങ്ങളിലും അതിനുമുന്നേ തോട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ടായിരുന്നു. പ്രത്യേകിച്ച് കരീബിയൻ ദ്വീപുകളിൽ. ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് വേണ്ടി തൊഴിലാളികളുടെ പരമാവധി അദ്ധ്വാനം സൗജന്യമായി ഉപയോഗിക്കുക എന്നതായിരുന്നു അമേരിക്കൻ പ്ലാന്റർമാരുടെ അന്നത്തെ നയം. അടിമസമ്പ്രദായം നിർത്തലാക്കപ്പെട്ടതിന് ശേഷമാണ് ആ തൊഴിലാളികൾ കരാർ അടിസ്ഥാനത്തിൽ പണിയെടുക്കുന്നവരായി മാറിയത്. കരാറിൽ പറയുന്ന വ്യവസ്ഥകൾ പ്രകാരമുള്ള തുച്ഛമായ പ്രതിഫലം മാത്രമാണ് അവർക്ക് അപ്പോഴും കിട്ടിയിരുന്നത്. അടിമത്തം നിർത്തലാക്കപ്പെട്ടെങ്കിലും അടിമസമ്പ്രദായത്തിന് സമാനമായ തൊഴിൽ സാഹചര്യം തോട്ടം മേഖലയിൽ തുടരുകയായിരുന്നു. കേരളത്തിലും അതുതന്നെയാണ് സംഭവിച്ചത്. 19-ാം നൂറ്റാണ്ടിൽ കരാർ തൊഴിലാളികളായാണ് തമിഴ്നാട്ടിൽ നിന്നും ഇടുക്കിയിലെ തോട്ടങ്ങളിലേക്ക് യൂറോപ്യന്മാർ ആളുകളെ കൊണ്ടുവന്നിരുന്നത്. തമിഴ്നാട്ടിൽ ഇവർ വലിയ ഭൂവുടമകളുടെ കൃഷിയിടങ്ങളിൽ കരാർ വ്യവസ്ഥയിൽത്തന്നെ തൊഴിലാളികളായി പണിയെടുക്കുകയായിരുന്നു. ആ കരാർ മുറിക്കുന്നതിനുള്ള പണം നൽകിയാണ് അവരെ കേരളത്തിലേക്ക് കൊണ്ടുവരുന്നത്.

യൂറോപ്യൻ കമ്പനികൾ അവരെ ഒരു പുതിയ കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തി തോട്ടം തൊഴിലാളികളാക്കി മാറ്റി. അടിമത്തം ഒരു സമ്പ്രദായം എന്ന നിലയിൽ നിലനിന്നിരുന്നില്ലെങ്കിലും അടിമകളോടെന്ന പോലെയാണ് തൊഴിലാളികളോട് പ്ലാന്റർമാർ ഇടപെട്ടിരുന്നത്. അതുകൊണ്ടുതന്നെ തൊഴിലാളികൾക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നു. കാടു

വെട്ടിത്തെളിച്ച് തോട്ടങ്ങളാക്കുക എന്നത് വലിയ അദ്ധ്വാനം ആവശ്യമുള്ള ജോലിയായിരുന്നു. ഭൂപ്രഭുക്കന്മാരുടെ കൃഷിയിടങ്ങളിൽ ചെയ്തിരുന്നതിനേക്കാൾ ഭാരമേറിയ ജോലികൾ അവർക്ക് ഏറ്റെടുക്കേണ്ടതായി വന്നു. കാപ്പിത്തോട്ടങ്ങളായിരുന്നു ആദ്യമുണ്ടാക്കിയത്. പിന്നീടാണ് തേയിലയിലേക്ക് മാറിയത്. പ്ലാന്റർമാരുമായുണ്ടാക്കിയ കരാർ ലംഘിക്കാൻ കഴിയാത്തതിനാൽ അവർ ആ കഠിനമായ ജോലികൾ ചെയ്യാൻ നിർബന്ധിതരായി. എല്ലാ തൊഴിലാളികളുമായും കോൺട്രാക്ട് പേപ്പർ ഒപ്പിട്ടുവാങ്ങിയിരുന്നു. എഴുതാനും വായിക്കാനും അറിവില്ലാതിരുന്ന അവർക്ക് അതിലെ വ്യവസ്ഥകളെക്കുറിച്ച് വ്യക്തതയുണ്ടായിരുന്നില്ല. എന്നിട്ടും ജോലിഭാരം കാരണം പലരും തിരികെ തമിഴ്നാട്ടിലേക്ക് ഓടിപ്പോകുന്ന സ്ഥിതിയുണ്ടായി. അത്തരത്തിൽ കോൺട്രാക്ട് ലംഘിക്കുന്നവരെ പിടികൂടുന്നതിനായി ബ്രിട്ടീഷുകാർ നിയമം കൊണ്ടുവന്നു. 'ക്രിമിനൽ ബ്രീച്ച് ഓഫ് കോൺട്രാക്ട് ആക്ട്' എന്ന ഈ നിയമം വഴി കരാർ ലംഘിക്കുന്നവർ ശിക്ഷിക്കപ്പെട്ടു. പീരുമേട്ടിൽ ആദ്യമായി ഒരു കോടതി സ്ഥാപിക്കുന്നതുപോലും ഈ നിയമ പ്രകാരമുള്ള വിചാരണ നടത്തുന്നതിന് വേണ്ടിയാണ്. അങ്ങനെ പലവിധത്തിൽ അടിമത്തത്തിന് സമാനമായ ഒരു അന്തരീക്ഷത്തിൽ ആളുകളെക്കൊണ്ട് പണിയെടുപ്പിച്ചാണ് ഈ തോട്ടങ്ങളെല്ലാം രൂപപ്പെടുത്തിയെടുത്ത്. Neo slavery എന്ന് നമുക്കതിനെ വിളിക്കാം.

**കുറഞ്ഞ കൂലിക്ക് എന്നും തൊഴിൽ ലഭിക്കുമെന്നും തൊഴിലാളികൾ അതൊന്നും ചോദ്യം ചെയ്യില്ലെന്നുമുള്ള ഒരു ധാർഷ്ട്യം പെമ്പിളെ ഒരുമൈ സമരം വരുന്നതുവരെ കമ്പനികൾക്കുണ്ടായിരുന്നില്ലേ? അത് തകർന്നു തുടങ്ങിയിട്ടുണ്ടോ?**

പെമ്പിളെ ഒരുമൈ സമരത്തെക്കുറിച്ച് സൂചിപ്പിച്ചതുകൊണ്ട് ആദ്യം തന്നെ ഒരു കാര്യം വ്യക്തമാക്കട്ടെ. ഇവിടെ നടക്കുന്ന ചർച്ചകൾ വിസ്മരിക്കുന്ന ഒരു സംഗതിയുണ്ട്. പ്രത്യേകിച്ച് പൊളിറ്റിക്കൽ ഇക്കോണമിയുടെ ഭാഷയിൽ നടക്കുന്ന വ്യവഹാരങ്ങളെല്ലാം ഇടുക്കിയിലെ പ്ലാന്റേഷനുകളിൽ ജോലി ചെയ്യുന്ന തമിഴ് തൊഴിലാളികളെ 'തൊഴിലാളികൾ' എന്ന നിലയിൽ മാത്രമാണ് നോക്കിക്കാണുന്നത്. അവരുടെ തൊഴിലിടങ്ങളിലെ അവകാശങ്ങളെക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നത്. എന്നാൽ ആരാണ് ഈ മനുഷ്യർ എന്നത് അധികം ആരും ശ്രദ്ധിക്കാറില്ല. ശരിക്കും ഇവർ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന ദലിത് തൊഴിലാളികളാണ്. പള്ളർ, പറയർ, അരുന്ധതീയർ എന്നീ മൂന്ന് ദലിത് സമുദായത്തിൽ നിന്നുള്ളവരാണ് ഈ തൊഴിലാളികളിൽ ഏറെയും. എന്നിട്ടും ദലിത്-ഭാഷാന്യൂനപക്ഷ സമൂഹം എന്ന നിലയിൽ ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ വിലയിരുത്തുന്നതിൽ കേരളത്തിലെ അക്കാദമിക്-മാദ്ധ്യമ ചർച്ചകൾക്ക് കഴിഞ്ഞിട്ടില്ല. പെമ്പിളെ ഒരുമൈ സമരത്തെക്കുറിച്ചുണ്ടായ വിശകലനങ്ങൾക്കും ആ പരിമിതിയുണ്ടായിരുന്നു. തിരുവിതാംകൂർ രാജ്യമായിരുന്നപ്പോഴും പിന്നീട് കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷവും അവർ പൗരത്വമില്ലാത്ത തമിഴ് കുടിയേറ്റ തൊഴിലാളികളായാണ് പരിഗണിക്കപ്പെട്ടിരുന്നത്. അവർക്കുനേരെയുണ്ടാകുന്ന എല്ലാവിധ അനീതികളും ന്യായീകരിക്കപ്പെടുന്ന ഒരു അന്തരീക്ഷം ഇവിടെയുണ്ടായിരുന്നു. തൊഴിലാളികളുടെ പല അവകാശങ്ങളും അംഗീകരിക്കുന്ന നിബന്ധനകൾ ട്രാവൻകൂർ സ്റ്റേറ്റ് നിയമങ്ങളിൽ ഉണ്ടായിരുന്നെങ്കിലും ഈ തമിഴ് തൊഴിലാളികൾ പീഡിപ്പിക്കപ്പെട്ടതിന്റെ പേരിൽ ഒരു യൂറോപ്യൻ പ്ലാന്ററും ശിക്ഷിക്കപ്പെട്ടിട്ടില്ല. അതേസമയം തൊഴിലാളികൾ പലപ്പോഴും പല നിയമങ്ങളാൽ ശിക്ഷിക്കപ്പെട്ടിട്ടുമുണ്ട്. 'കോഫി സ്റ്റീലിംഗ് ആക്ട്' പോലെയുള്ള നിയമങ്ങൾ അതിന് ഉദാഹരണമാണ്. കാപ്പിക്കുരു വീട്ടിൽ വയ്ക്കാൻ ഈ നിയമം തൊഴിലാളികളെ അനുവദിച്ചിരുന്നില്ല. ആരെങ്കിലും കാപ്പി വീട്ടിൽ വച്ചാൽ അത് മോഷണ മുതലായി മാത്രമേ പരിഗണിച്ചിരുന്നുള്ളൂ. വിഭവങ്ങളിൽ നിന്നെല്ലാം ഇത്തരത്തിൽ അവർ അകറ്റി നിർത്തപ്പെടുകയും ലയങ്ങൾ എന്ന കുടുസ്സുമുറികളിൽ തളച്ചിടപ്പെടുകയും ചെയ്തു. കൊളോണിയൽ കാലത്തുണ്ടായിരുന്ന ആ അവസ്ഥയ്ക്ക് ഇപ്പോഴും കാര്യമായ വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല. അതിന് ഒരു പ്രധാന കാരണം ഇവർ തമിഴരും ദലിതരും ആണെന്നതാണ്. അതു കാണാതിരുന്നാൽ പ്രശ്നപരിഹാരത്തെക്കുറിച്ചുള്ള ചർച്ചകൾ എവിടെയും എത്തുകയില്ല.

ഈ തമിഴ് തൊഴിലളികുടെ ജാതി ഒരു പ്രശ്നമായതുകൊണ്ടുതന്നെയാണ് കേരള രൂപീകരണത്തിന് ശേഷം നിലവിൽ വന്ന തൊഴിലാളികളോട് അനുകമ്പയുള്ള സർക്കാരുകൾക്ക് പോലും ഈ അനീതി പരിഹരിക്കാൻ കഴിയാത്തത്. വർഗ്ഗ പശ്ചാലത്തിൽ മാത്രം നിന്നുകൊണ്ടുള്ള വിശകലനങ്ങളിൽ നിന്നും അവർ പലപ്പോഴും ഒഴിവാക്കപ്പെട്ടു എന്നതാണ് സത്യം. തൊഴിലാളി എന്ന ഒരു identity മാത്രം പരിഗണിച്ചുകൊണ്ട് നമുക്ക് ഒരു നിലപാടെടുക്കാൻ കഴിയില്ല. പലതരം




പെമ്പിളെ ഒരുമെ സമരത്തിൽ നിന്നും. *ഫോട്ടോ: വിഷ്ണു*

identities interact ചെയ്തിട്ടാണ് നിലപാടുകൾ ഉണ്ടാകേണ്ടത്. അങ്ങനെ നോക്കുമ്പോൾ 'തൊഴിലാളികൾ' എന്നല്ല, ദലിത്-തമിഴ് തൊഴിലാളികൾ എന്ന് പറയേണ്ടിവരും. പെമ്പിളെ ഒരുമെ സമരം ശമ്പള വർദ്ധനവിനും ബോണസിനും വേണ്ടിയുള്ള ഒരു മുന്നേറ്റം മാത്രമായിരുന്നില്ല. ഈ identity പ്രശ്നം ഉന്നയിക്കുന്നതിനും അതുകാരണം സൃഷ്ടിക്കപ്പെട്ട അനീതികളെ അത്തരത്തിൽ നോക്കിക്കാണുന്നതിനും വേണ്ടിയാണ് പെമ്പിളെ ഒരുമെ സ്വാഭാവികമായി ഉടലെടുത്തത്.

**ജാതി പോലെതന്നെ വികസനകാഴ്ച്ചാടും പ്രശ്നമായിരുന്നില്ലേ? ഭൂപരിഷ്കരണ നിയമത്തിൽ നിന്ന് തോട്ടങ്ങളെ ഒഴിവാക്കിയതിന് കാരണമായ വികസന സമീപനം ഇന്ന് ചോദ്യം ചെയ്യപ്പെടേണ്ട സമയമായല്ലോ?**

തീർച്ചയായും അതുമുണ്ട്. ഭൂപരിഷ്കരണ നിയമം സ്വതന്ത്ര കേരളത്തിലുണ്ടായ ഏറെ പ്രാധാന്യമുള്ള നിയമമായിരുന്നല്ലോ. എന്നാൽ തോട്ടം മേഖലയെ ആ നിമയത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. വികസനത്തെക്കുറിച്ചുള്ള ഒരു കൊളോണിയൽ സങ്കൽപ്പം തന്നെയാണ് തോട്ടങ്ങൾ ഒഴിവാക്കപ്പെടുന്നതിന് കാരണമായത്. ഇത്രയും വലിയ അളവിലുള്ള ഭൂമി സ്വാകാര്യ തോട്ടമുടമകൾക്ക് കൈവശം വയ്ക്കാൻ അനുമതി നൽകിയതിന് പറഞ്ഞ കാരണം ദേശീയ താത്പര്യം എന്നതായിരുന്നു. നാണ്യവിള എന്ന നിലയിൽ ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ രീതിയിൽ സംഭാവന നൽകാൻ തോട്ടങ്ങൾക്ക് കഴിയും എന്നതായിരുന്നു അന്നത്തെ പരിഗണന. ദേശീയ സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് മുൻഗണന കൊടുത്ത സർക്കാർ തൊഴിലാളികൾ നേരിടുന്ന ചൂഷണങ്ങൾ ബോധപൂർവ്വം കണ്ടില്ലെന്നു നടിച്ചു എന്ന് പറയാം. സാമ്പത്തിക വളർച്ച കൈവരിക്കുന്നത് അനിവാര്യമാകുമ്പോൾ ഇതെല്ലാം സ്വാഭാവികമാണ് എന്നതായിരുന്നു രീതി. 1951ൽ പ്ലാന്റേഷൻ ലേബർ ആക്ട് നിലവിൽ വന്നിരുന്നെങ്കിലും വികസനത്തെക്കുറിച്ചുള്ള വികലമായ ധാരണകളും തോട്ടം ഉടമകളോടുള്ള വിധേയത്വവും കാരണം ആക്ടിൽ പറയുന്ന ക്ഷേമകാര്യങ്ങൾക്ക് വലിയ പരിഗണന ലഭിക്കുകയുണ്ടായില്ല. എന്റെ പഠനത്തിന്റെ ഭാഗമായി ഞാൻ പോയിട്ടുള്ള തോട്ടങ്ങളിലെല്ലാം ആക്ടിൽ പറയുന്ന 25 ശതമാനം കാര്യങ്ങൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അതുപോലും തൊഴിലാളികളുടെ സംഘടിത സമരങ്ങളുടെ ഫലമായി യാഥാർത്ഥ്യമായതാണ്.

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ സ്ഥിതിഗതികൾ പിന്നീട് മോശമാവുകയാണ് ഉണ്ടായത്. എന്താണ് സ്വാതന്ത്ര്യദിനം എന്ന് ചോദിച്ചാൽ തമിഴ് തൊഴിലാളികൾ തമാശയായി പറയുന്ന ഒരു ഉത്തരമുണ്ട്- 'വെള്ളക്കാർ പോയി കൊള്ളക്കാർ വന്തനാൾ'. അവർ പറയുന്ന ആ തമാശയിൽ കാര്യമുണ്ട് എന്നതിന് തെളിവാണ് പെമ്പിളെ ഒരുമെ സമരം. എല്ലാ വിഭവങ്ങളിൽ നിന്നും അന്യവത്കരിക്കപ്പെട്ട ഒരു ജനതയുടെ രോഷമായിരുന്നു ആ സമര

ത്തിന്റെ പ്രധാന ഉള്ളടക്കം. ആ രീതിയിൽ തന്നെ സമരത്തെ മനസ്സിലാക്കുകയും ദേശീയ താത്പര്യത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും പേരിൽ ഈ അനീതി തുടരുകയും ചെയ്യരുത്. സ്റ്റേറ്റിന്റെ ആ വാദം ഇന്ന് നിലനിൽക്കുന്നതല്ല എന്നതാണ് സത്യം. രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുന്ന ഒരു മേഖലായി തേയില തോട്ടങ്ങൾ ഇന്ന് നിലനിൽക്കുന്നില്ല. ഉദാരവത്കരണ നയങ്ങളെ തുടർന്ന് 2000ന് ശേഷമുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും ഈ വ്യവസായം ഇപ്പോഴും കരകയറിയിട്ടില്ല. 2002ൽ പീരുമേട്ടിൽ യൂണിഫോമും പുസ്തകവും വാങ്ങാൻ കഴിയാതെ തോട്ടം തൊഴിലാളികളുടെ ഒരു കുട്ടി ആത്മഹത്യ ചെയ്ത സംഭവം ഓർക്കുന്നുണ്ടാകുമല്ലോ. അന്ന് പീരുമേട്ടിലെല്ലാം ഒരുപാട് തോട്ടങ്ങൾ പൂട്ടിപ്പോയതിനെ തുടർന്നുണ്ടായ പ്രതിസന്ധിയുടെ പ്രതിഫലനമായിരുന്നു ആ സംഭവം. ആ സ്ഥിതി ഇപ്പോഴും തുടരുകയാണ്, ആത്മഹത്യകൾ സംഭവിക്കുന്നില്ല എന്നു മാത്രം.

**പെമ്പിളെ ഒരുമൈ സമരം തോട്ടം മേഖലയിലെ പരമ്പരാഗത ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കെതിരെയും ശക്തമായ വിമർശനങ്ങൾ ഉന്നയിച്ചിരുന്നല്ലോ. തൊഴിലാളി പ്രസ്ഥാനങ്ങൾ എന്തുകൊണ്ടാണ് പ്രതിസ്ഥാനത്തായത്?**

പെമ്പിളെ ഒരുമെയുടെ സമരം തോട്ടം മേഖയിലെ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ വർഷങ്ങളായി തൊഴിലാളികളോട് ചെയ്തുകൊണ്ടിരിക്കുന്ന ചതികൾ കൂടിയാണ് തുറന്നുകാണിച്ചത്. എ.ഐ.ടി.യു.സിയും സി.ഐ.ടി.യും ഐ.എൻ.ടി.യു.സിയുമാണ് ഇടുക്കിയിലെ തോട്ടം മേഖലയിലുള്ള പ്രബല യൂണിയനുകൾ. തൊഴിലാളികൾ ഇപ്പോഴും അടിമകളെപ്പോലെ തുടരുന്നതിൽ ട്രേഡ് യൂണിയനുകൾക്ക് വലിയ പങ്കുണ്ട്. പരമ്പരാഗത ട്രേഡ് യൂണിയനുകൾ ഞങ്ങളെ പ്രതിനിധാനം ചെയ്യുന്നില്ല എന്നത് കൂടിയായിരുന്നു പെമ്പിളെ ഒരുമെ സമരത്തിന്റെ ഒരു ഫോക്കസ്. പലവിധ വാഗ്ദാനങ്ങൾ നൽകി വർഷങ്ങളായി തൊഴിലാളികളെ ഒപ്പം നിർത്തുന്നുണ്ടെങ്കിലും അവരുടെ ജീവിതവും തൊഴിൽ സാഹചര്യവും മെച്ചപ്പെടുന്നതിന് സഹായകമാകുന്ന ഒന്നും ട്രേഡ് യൂണിയനുകൾ ചെയ്തിട്ടില്ല എന്ന സത്യം പെമ്പിളെ ഒരുമെ ലോകത്തിന് മുന്നിൽ തുറന്നുകാട്ടി. അതിനുമുമ്പ് കേരളം വേണ്ടത്ര അത് ചർച്ച ചെയ്തിട്ടില്ല. ഒരുപാട് പ്രതിബന്ധങ്ങളുണ്ടെങ്കിലും ട്രേഡ് യൂണിയനുകളോടുള്ള വിധേയത്വം പൊട്ടിച്ചെറിഞ്ഞ് പുറത്തുവരാൻ അവർ കാണിച്ച ധീരത പ്രതിസന്ധി അത്രമേൽ രൂക്ഷമാണ് എന്നതിന് തെളിവാണ്. കാരണം തോട്ടം മേഖലയിൽ എല്ലാം നിയന്ത്രിക്കുന്നത് വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളാണ്. രാഷ്ട്രീയ പാർട്ടികൾക്കും ജനപ്രതിനിധികൾക്കും പോലും അവിടെ സ്വാധീനമില്ല. ട്രേഡ് യൂണിയനുകളും കമ്പനി മാനേജ്മെന്റും ചേർന്നാണ് എല്ലാം നിയന്ത്രിക്കുന്നത്. അവർക്കിടയിൽ രൂപപ്പെട്ടിട്ടുള്ള അവിശുദ്ധ ബന്ധങ്ങളും അഴിമതിയും പെമ്പിളെ ഒരുമെ സമരത്തെ തുടർന്ന് പൊതുസമൂഹത്തിന് കൂടുതൽ വ്യക്തമായി. ഇറക്കുമതി ചെയ്ത നേതാക്കന്മാരാണ് വർഷങ്ങളായി യൂണിയനുകളുടെ തലപ്പത്ത് ഇരിക്കുന്നത്. അവർ ആരും പ്ലാന്റേഷൻ തൊഴിലാളികളല്ല. തൊഴിലാളികൾക്ക് പരമാവധി ലഭിക്കുന്ന സ്ഥാനം കൺവീനർ എന്ന തസ്തിക മാത്രമാണ്. അത് തീരുമാനങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിയുംവിധം ശക്തമായ ഒരു സ്ഥാനമല്ല. എനിക്ക് പരിചിതമായ പീരുമേട്ടിലെ കാര്യം തന്നെ നോക്കാം. അവിടെയുള്ള എ.ഐ.ടി.യു.സി, സി.ഐ.ടി.യുവിലും ഐ.എൻ.ടി.യു.സി എന്നീ മൂന്ന് പ്രബല ട്രേഡ് യൂണിയനുകളുടെയും തലപ്പത്തിരിക്കുന്നവർ മിക്കവരും അവിടെ നിന്നുള്ള തൊഴിലാളികളല്ല. ശരിക്കുള്ള തൊഴിലാളികൾ അദൃശ്യരായിരുന്നു. വ്യവസ്ഥാപിത ട്രേഡ് യൂണിയൻ നേതൃത്വം ബോധപൂർവ്വം സൃഷ്ടിച്ച ആ മറ നീക്കം ചെയ്ത് തൊഴിലാളികൾ പുറത്തുവന്നത് പെമ്പിളെ ഒരുമെ സമരത്തിലൂടെയായിരുന്നു.

തമിഴരും ദലിതരുമായ ബഹുഭൂരിപക്ഷം തൊഴിലാളികളുടെ എല്ലാവിധ സ്വത്വങ്ങളെ

> പ്ലാന്റേഷനുകൾ ഒരു പ്രത്യേക രാജ്യമായാണ് നമ്മുടെ രാജ്യത്തിനുള്ളിൽ നിലനിൽക്കുന്നത്. രാജ്യത്തെ പൊതുവായ എല്ലാ നിയമങ്ങളിൽ നിന്നും അവർ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. അത്തരത്തിലുള്ള ഒരു പ്രദേശത്തിനുള്ളിലാണ് ഈ തൊഴിലാളികളും ജീവിക്കുന്നത്. അവരുടെ ദൈനംദിന ഇടപാടുകളെല്ലാം ഇതിനുള്ളിലാണ് നടക്കുന്നത്. ലയങ്ങളിൽ തന്നെ താമസിക്കുന്നതിനാൽ തൊഴിലിടത്തിൽ മാത്രമല്ല, ജീവിതത്തിലുടനീളം അവർക്ക് കമ്പനിയുടെ തൊഴിലാളികൾ എന്ന അവസ്ഥയിൽ കഴിയേണ്ടി വരുന്നുണ്ട്

യും പ്രതിനിധീകരിക്കാൻ കഴിയുന്ന രൂപമായിരുന്നു പെമ്പിളെ ഒരുമെയുടേത്. പേര് പോലും തമിഴ് ആണ് എന്നത് പ്രധാനമാണ്. വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾക്ക് ഇത്തരത്തിലുള്ള ഒരു ബ്രേക്ക് ഉണ്ടാക്കാൻ ഒരിക്കലും കഴിഞ്ഞിട്ടില്ല. ട്രേഡ് യൂണിയനുകൾക്ക് മാത്രമല്ല, മറ്റ് ഒരു സംഘടനകൾക്കും ഇവരെ പൂർണ്ണമായും പ്രതിനിധീകരിക്കാൻ കഴിഞ്ഞിരുന്നില്ല. കേരളത്തിലെ ദലിത് സംഘടനകൾക്ക് പോലും ഇവരെ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. ദലിത് രാഷ്ട്രീയത്തെക്കുറിച്ചും ഭൂ ഉടമസ്ഥതയെക്കുറിച്ചുമുള്ള വ്യവഹാരങ്ങളിൽ ഇവർ കടന്നുവരാറില്ല. ചരിത്രം പരിശോധിച്ചാൽ കല്ലറ സുകുമാരൻ മാത്രമാണ് ഇവരുടെ സ്വത്വ പ്രശ്നത്തെ മനസ്സിലാക്കാൻ ശ്രമിച്ച ഒരു ദലിത് നേതാവ് എന്നു കാണാം. ഗ്ലൺമേരി എന്ന് പേരുള്ള പീരുമേട്ടിലെ ഒരു ടീ എസ്റ്റേറ്റിൽ വച്ചാണ് കല്ലറ സുകുമാരൻ അദ്ദേഹം രൂപീകരിച്ച ഇന്ത്യൻ ഹരിജൻ ഫെഡറേഷൻ എന്ന സംഘടനയുടെ ആദ്യ യോഗം വിളിക്കുന്നത്. അദ്ദേഹത്തിന്റെ ശ്രമം ഏറെയൊന്നും മുന്നോട്ടുപോയില്ല.

**വിദേശ കമ്പനികളായിരുന്നല്ലോ കേരളത്തിലെ വലിയ തോട്ടങ്ങളുടെയെല്ലാം ഉടമസ്ഥർ. നിയമ തടസ്സങ്ങൾ മറികടക്കാൻ സ്വാതന്ത്ര്യാനന്തരം പലരും ഇന്ത്യൻ കമ്പനികളായി രൂപം മാറി. എന്നാൽ കൊളോണിയൽ കാലത്തുണ്ടായിരുന്ന അധികാര ശ്രേണി അതേപോലെ നിലനിന്നു. തോട്ടം മേഖലയിൽ നമുക്കത് വല്ലാതെ അനുഭവപ്പെടാറുണ്ട്. സ്റ്റേറ്റ് വിത്ത് ഇൻ എ സ്റ്റേറ്റ് എന്ന അവസ്ഥയിലാണല്ലോ തോട്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നത്? അവരുടെ സാമ്രാജ്യത്തിൽ അവരുടെ ഭരണവും അവരുടെ നിമയവുമാണ്. അതും വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നില്ലേ?**

അതെ, പ്ലാന്റേഴ്സ് രാജ് എന്നുതന്നെയാണ് കമ്പനികളുടെ ഈ ഭരണത്തെ വിശേഷിപ്പിക്കാറുള്ളത്. പ്ലാന്റേഷനുകൾ ഒരു പ്രത്യേക രാജ്യമായാണ് നമ്മുടെ രാജ്യത്തിനുള്ളിൽ നിലനിൽക്കുന്നത്. രാജ്യത്തെ പൊതുവായ എല്ലാ നിയമങ്ങളിൽ നിന്നും അവർ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. അത്തരത്തിലുള്ള ഒരു പ്രദേശത്തിനുള്ളിലാണ് ഈ തൊഴിലാളികളും ജീവിക്കുന്നത്. അവരുടെ ദൈനംദിന ഇടപാടുകളെല്ലാം ഇതിനുള്ളിലാണ് നടക്കുന്നത്. ലയങ്ങളിൽ തന്നെ താമസിക്കുന്നതിനാൽ തൊഴിലിടത്തിൽ മാത്രമല്ല, ജീവിതത്തിലുടനീളം അവർക്ക് കമ്പനിയുടെ തൊഴിലാളികൾ എന്ന അവസ്ഥയിൽ കഴിയേണ്ടി വരുന്നുണ്ട്. അത്തരത്തിലുള്ള ഒരു ഉച്ചനീചശ്രേണീ കമ്പനി മാനേജ്മെന്റ് പ്ലാന്റേഷൻ മേഖലയിൽ സൂക്ഷിക്കുന്നുമുണ്ട്. യൂറോപ്യൻ പ്ലാന്റർമാരുടെ കാലത്തുണ്ടായിരുന്നതുപോലെ അസിസ്റ്റന്റ് മാനേജർമാർ ഇപ്പോഴും നിക്കറും ബൂട്സുമിട്ടാണ് ജോലി ചെയ്യാറുള്ളത്. അവരുടെ ബുള്ളറ്റിന്റെ ശബ്ദം കേട്ടാൽ ആ മേഖലയിലുള്ള എസ്റ്റേറ്റ് തൊഴിലാളികളല്ലാത്ത ആളുകൾ പോലും പേടിച്ച് എഴുന്നേറ്റ് നിൽക്കും. തോട്ടം മേഖലയിൽ താമസിക്കുന്ന ജനങ്ങൾ ഉപയോഗിക്കുന്ന റോഡുകൾ മിക്കതും കമ്പനിയുടെ പ്രൈവറ്റ് പ്രോപ്പർട്ടിയാണ്. പഞ്ചായത്തിന് അതിന്റെ മേൽ അധികാരമുണ്ടായിരിക്കില്ല. അതിനാൽത്തന്നെ പഞ്ചായത്തും മാനേജ്മെന്റും തമ്മിൽ തർക്കമുണ്ടാകുന്നത് ഇവിടെ പതിവാണ്. അത്തരത്തിലുള്ള അധികാരം നിലനിർത്തിക്കൊണ്ടാണ് ടാറ്റയും ഹാരിസണുമെല്ലാം അവരുടെ സാമ്രാജ്യത്തിൽ വാഴുന്നത്. ഇത്രയും മനുഷ്യത്വവിരുദ്ധമായ ഒരു സ്ഥാപനത്തെയാണ് നമ്മൾ രാജ്യപുരോഗതിയുടെ പേരിൽ ഭൂപരിഷ്കരണ നിയമത്തിൽ നിന്നും ഒഴിവാക്കിയത് എന്ന് പ്രത്യേകം ഓർമ്മിക്കണം. പ്ലാന്റേഷൻ മേഖലയെക്കുറിച്ച് നടക്കുന്ന ചർച്ചകൾ ഈ മനുഷ്യത്വവിരുദ്ധ സംവിധാനത്തെ എങ്ങനെ പൊളിച്ചുകളയാം എന്നതും ചിന്തിക്കേണ്ടതുണ്ട്. സ്വകാര്യതോട്ടങ്ങളെ ഭൂപരിധി നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരേണ്ടുന്നതിന്റെ പ്രാധാന്യം ഇതുകൂടിയാണ്.

**ജിഗ്നേഷ് മേവാനി ഉദ്ഘാടനം ചെയ്ത ചലോ തിരുവനന്തപുരം യാത്രയുടെ ഒരു പ്രധാന മുദ്രാവാക്യം ജാതിക്കോളനികൾ തുടച്ചുനീക്കുക എന്നതാണല്ലോ. പ്ലാന്റേഷനുള്ളിലെ ലയങ്ങൾ ശരിക്കും ജാതികോളനികൾ തന്നെയാണല്ലോ? ജാതിക്കോളനികൾ ഇല്ലാതാകണമെങ്കിൽ ലയങ്ങളും ഇല്ലാതാകേണ്ടതില്ലേ?**

ശരിയാണ്. ലയങ്ങൾ ജാതിക്കോളനികൾ തന്നെയാണ്. 200 സ്ക്വയർ ഫീറ്റിൽ താഴെ മാത്രമാണ് മിക്ക ലയങ്ങളുടെയും വിസ്തീർണ്ണം. ഒരുതരി മണ്ണു പോലും സ്വന്തമായില്ലാതെ ലയങ്ങളിൽ തന്നെ ജനിച്ച്, ജീവിച്ച്, മരിക്കുന്നവരാണ് ബഹുഭൂരിപക്ഷം തൊഴിലാളികളും. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ total alienation. ഈ കോളനികളിൽ നിന്നുള്ള മോചനം തന്നെയാണ് അതിന് പരിഹാരം. ഭൂമിയുടെ മേൽ അധികാരം സ്ഥാപിക്കുന്നതിലൂടെ മാത്രമേ അത് സാദ്ധ്യമാകൂ. പ്ലാന്റേഷൻ ഭൂമി ഏറ്റെടുത്ത് തൊഴിലാളികൾക്ക് പകുത്തുനൽകുകയാണ് വേണ്ടത്. നിയമപര

⇨ *അതിന്റെ ഭാഗമായുള്ള ഒരു സൃഷ്ടിയായും സഹകരണ സംഘത്തെ കാണാം* ⇨



പെമ്പിളെ ഒരുമെ സമരത്തിൽ നിന്നും. *ഫോട്ടോ: വിഷ്ണു*

മായി അത് സാധ്യമാണ്. പ്രായോഗികമായും അതാണ് നല്ലത്. വിശാലമായ ഭൂപ്രദേശം കൈകാര്യം ചെയ്യുന്നത് പണ്ടത്തെപ്പോലെ കമ്പനികൾക്ക് ഇപ്പോൾ അത്ര എളുപ്പമല്ല. ഭൂമി വിട്ടുകൊടുക്കാൻ താത്പര്യമില്ലാത്തതുകൊണ്ടാണ് പാട്ടക്കാലാവധി കഴിഞ്ഞിട്ടും പല തോട്ടങ്ങളും അവർ പിടിച്ചുവച്ചുകൊണ്ടിരിക്കുന്നത്. പ്ലാന്റേഷന്റെ ഉടമസ്ഥാവകാശം തൊഴിലാളികൾക്ക് കിട്ടിയാൽ അവർ ഇതിലും മനോഹരമായി അത് മുന്നോട്ടുകൊണ്ടുപോകുമെന്നാണ് എന്റെ അനുഭവത്തിൽ നിന്നും എനിക്ക് മനസ്സിലായത്. ഇടുക്കിയിൽ തന്നെ ചെറുകിട തേയില കർഷകർ വലിയ പ്ലാന്റേഷനുകളേക്കാൾ നന്നായി തോട്ടങ്ങൾ നോക്കിനടത്തുന്നുണ്ട്. അതുകൊണ്ട് എത്രയും വേഗം പ്ലാന്റേഷനുകൾ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ച് അത് തൊഴിലാളികൾക്ക് വീതിച്ചുകൊടുക്കാൻ സർക്കാർ തയ്യാറാകണം. ലയങ്ങൾ എന്ന ജാതിക്കോളനികൾ പൊളിച്ചുനീക്കണം. അല്ലാതെ ഇഗാലിറ്റേറിയൻ ഡവലപ്മെന്റ് മോഡൽ ഇനിയും പറഞ്ഞിരുന്നിട്ട് കാര്യമില്ല.

**അതുപോലെ ചലോ തിരുവനന്തപുരം പ്രക്ഷോഭത്തിന്റെ മറ്റൊരു പ്രധാന മുദ്രാവാക്യമാണല്ലോ കേരള മോഡൽ പൊളിച്ചെഴുതുക എന്നത്. അതും പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച് വളരെ പ്രധാനമല്ലേ? പ്ലാന്റേഷൻ തൊഴിലാളികളുടെ ജീവിത നിലവാരം പരിശോധിച്ചാൽ ഈ 'കേരള വികസന മാതൃക' പ്രശ്നത്തിലാകില്ലേ?**

അതെ. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ തൊഴിലെടുക്കുന്ന വലിയൊരു ശതമാനം ജനങ്ങളുടെ ജീവിതം പരിഗണിക്കാതെയാണ് കേരളത്തിന്റെ സാമൂഹിക വികസന സൂചിക ഉയർന്നതാണെന്ന് പറയുന്ന 'കേരള വികസന മാതൃക' ഇവിടെ ആഘോഷിക്കപ്പെട്ടത്. ആളോഹരി വരുമാനം കുറഞ്ഞിരിക്കുമ്പോഴും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ നിരവധി മേഖലകളിൽ കേരളം വികസിത രാജ്യങ്ങളേക്കാൾ മുന്നിലായിരുന്നു എന്നതാണല്ലോ കേരള വികസന മാതൃകയായി എടുത്തുകാട്ടുന്നത്. ഇതിന് ആധാരമായ ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ടിന്റെ പോലും പരിഗണനയിൽ വരാതെ പോയ ഒരു സമൂഹമാണ് നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ദലിത്-തമിഴ് തോട്ടം തൊഴിലാളികൾ. ഇവരുടെ ജീവിത സാഹചര്യം പരിശോധിച്ചിരുന്നെങ്കിൽ വികസന മാതൃകയുടെ നിറം മങ്ങുമായിരുന്നു. 'കേരള വികസന മാതൃക'യെക്കുറിച്ച് വന്ന വിമർശങ്ങളിൽ പുറംതള്ളപ്പെട്ട പല ജനവിഭാഗങ്ങളെക്കുറിച്ചും പറയുന്നുണ്ടെങ്കിലും അതിലും ഈ തോട്ടം തൊഴിലാളികളെ പ്രതിപാദിക്കുന്ന ഇടങ്ങൾ ഉണ്ടായിട്ടില്ല. പെമ്പിളെ ഒരുമെ സമരമാണ് കുറച്ചുകൂടി വ്യക്തമായി ആ വിമർശം മുന്നോട്ടുവച്ചത്. കേരള വികസന മാതൃക എന്ന പുറംമോടിയുടെ ഉള്ളിൽ ഒളിപ്പിച്ചുവച്ചിരുന്ന ഒരു വൃത്തികെട്ട മുഖത്തെ പെമ്പിളെ ഒരുമെ തുറന്നു കാണിച്ചു.

**തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ചുകൊണ്ട് തോട്ടം മേഖലയിലെ പ്രതിസന്ധിയെ മറികടക്കാൻ തോട്ടം ഉടമകൾ ശ്രമിച്ചല്ലോ. കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എല്ലാം അത്തരത്തിൽ ആയിരുന്നല്ലോ. ആ മോഡൽ ആത്മാർത്ഥമായിരുന്നോ?**

തൊഴിലാളി സഹകരണ സംഘം പേരിന് മാത്രമുള്ള ഏർപ്പാടാണെന്ന് പെമ്പിളെ ഒരുമെ സമരത്തെ തുടർന്ന് വ്യക്തമായതല്ലേ. തൊഴിലാളികൾക്ക് പ്രത്യേക അധികാരമൊന്നും അതുവഴി ലഭിച്ചിട്ടില്ല. ബോർഡ് ഓഫ് ഡയറ



ജയശീലൻ രാജ്

ക്ടേഴ്സിൽ തൊഴിലാളികളുടെ പ്രതിനിധി യുണ്ടാകും എന്നത് മാത്രമാണ് അതിന്റെ പ്രത്യേകത. കൂടുതൽ അധികാരമുള്ള സ്ഥാനങ്ങൾ കയ്യാളുന്നത് മാനേജ്മെന്റ് സ്റ്റാഫാണ്. ഞാൻ ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. ബോർഡ് മീറ്റിംഗ് കൂടുമ്പോൾ മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ചായയുണ്ടാക്കി കൊടുക്കുന്ന പണിയാണ് തൊഴിലാളിയായ അംഗത്തിനുള്ളത് എന്ന ആരോപണം ശക്തമാണ്. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ ഇറങ്ങുന്ന കമ്പനിയുടെ ഒരു ആനുവൽ റിപ്പോർട്ട് തൊഴിലാളികളുടെ പക്ഷത്ത് നിന്നുള്ള ബോർഡ് മെമ്പറിനും കിട്ടും, അത്രമാത്രം. അല്ലാതെ ഷെയർ ഹോൾഡറിന് കിട്ടേണ്ട എല്ലാവിധ ഡോക്യുമെന്റ്സും തൊഴിലാളി പ്രതിനിധികൾക്ക് കൈമാറാറില്ല. മൂന്ന് കാര്യങ്ങളാലാണ് സഹകരണ സംഘം എന്ന ആലോചനയിലേക്ക് കമ്പനികൾ എത്തുന്നത്. ഒന്ന്, പല തോട്ടങ്ങളും പാട്ടവ്യവസ്ഥയിലാണ് ഭൂമി കൈവശം വച്ചിരിക്കുന്നത് എന്നതിനാൽ ഭൂമിയുടെമേലുള്ള അവകാശം ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ടി സഹകരണസംഘം എന്ന രൂപത്തിലേക്ക് അവർ തന്ത്രപരമായി മാറുകയായിരുന്നു. ആഗോളതലത്തിൽ ഇന്ത്യൻ തേയിലയ്ക്കുണ്ടായ ഇടിവ് കമ്പനികളെ വല്ലാതെ ബാധിക്കുകയും തേയില ഉത്പാദനത്തിൽ നിന്നും പുറകോട്ട് പോകാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഉത്പാദനത്തേക്കാൾ കൂടുതൽ റീടെയ്ൽ വ്യാപാരത്തിലാണ് ടാറ്റ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മൂന്ന്, കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായി എന്തെങ്കിലും മാനുഷിക മുഖം ലോകത്തിന് മുന്നിൽ കാണിക്കേണ്ടത് ബിസിനസ്സിൽ അനിവാര്യമായി വന്നു. അതിന്റെ ഭാഗമായുള്ള ഒരു സൃഷ്ടിയായും സഹകരണ സംഘത്തെ കാണാം. അതല്ലാതെ ആത്മാർത്ഥമായ ഒരു അധികാരം കൈമാറ്റം നടന്നിട്ടില്ല.

**ഏകവിള തോട്ടങ്ങളെല്ലാം നിരവധി പാരിസ്ഥിതിക പ്രതിസന്ധികളെ ഇന്ന് അഭിമുഖീകരിക്കുന്നുണ്ടല്ലോ. ഏകവിള കൃഷിയായതിനാൽ തന്നെ കീടങ്ങളുടെ ആക്രമണം വളരെ വ്യാപകമാണ്. വൻതോതിൽ കീടനാശിനി പ്രയോഗിച്ചുകൊണ്ടാണ് തോട്ടങ്ങൾ അതിനെ അതിജീവിക്കുന്നത്. എൻഡോസൾഫാൻ ദുരന്തം തന്നെ പ്ലാന്റേഷൻ മേഖലയിലെ കീടനാശിനി പ്രയോഗത്തിന്റെ ഫലമാണല്ലോ. തേയില തോട്ടങ്ങളിലും കീടനാശിനികൾ പ്രയോഗം വ്യാപകമാണ്. ഇത്തരത്തിലുള്ള ഒരു മുന്നോട്ടുപോകൽ പ്രയാസമാകില്ലേ? പ്രത്യേകിച്ച് കാലാവസ്ഥ കൂടി മാറുന്ന സാഹചര്യത്തിൽ പാരിസ്ഥിതികമായി ഏകവിളത്തോട്ടങ്ങളെക്കുറിച്ച് ഒരു പുനർചിന്ത അനിവാര്യമായി വരുന്നില്ലേ?**

ഉറപ്പായും പുനർചിന്ത വേണ്ടതുണ്ട്. നമ്മൾ ആദ്യം സംസാരിച്ചതുപോലെ ഇത്രയും വലിയ ഭൂവിസ്തൃതിയിൽ ഏകവിള കൃഷി ചെയ്യുക എന്നത് 18-ാം നൂറ്റാണ്ടിലുണ്ടായ ആലോചനയാണ്. സാമൂഹികവും പാരിസ്ഥിതികവുമായ സാഹചര്യങ്ങൾ അതിനുശേഷം ഒരുപാട് മാറി. വികസന സങ്കൽപ്പങ്ങൾ മാറി. കീടനാശിനികളാൽ മാത്രം ഇങ്ങനെ മുന്നോട്ടുപോകാൻ കഴിയില്ല. എന്നാൽ എന്തെങ്കിലും തരത്തിലുള്ള പുനർചിന്ത ഇക്കാര്യത്തിൽ നടത്തേണ്ടതുണ്ടെങ്കിൽ പ്രാഥമികമായി വേണ്ടത് പ്ലാന്റേഷൻ ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യുക എന്നതാണ്. ആ പോയിന്റിൽ നിന്നു മാത്രമേ പാരിസ്ഥിതിക പുനഃസ്ഥാപനത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. എന്നാൽ ഇവിടെ വരാൻ പോകുന്ന ഒരു പ്രതിസന്ധി വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ ഇതിനെല്ലാം എതിരു നിൽക്കും എന്നതാണ്. വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ടാറ്റ ഉൾപ്പെടെയുള്ള കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരുന്ന ഭൂമി തിരിച്ചുപിടിക്കാൻ നടത്തിയ മൂന്നാർ ഓപ്പറേഷനെ തകർത്തത് ഇതേ ട്രേഡ് യൂണിയനുകളാണല്ലോ. അവരുടെ ഇത്തരം ഇടപെടലുകളെ മറികടക്കുന്നതിന് ഇച്ഛാശക്തിയുള്ള പുതിയ മൂവ്മെന്റ് ഉയർന്നുവരേണ്ടതുണ്ട്. പെമ്പിളെ ഒരുമൈക്ക് അത് സാധ്യമായിട്ടുണ്ട്. തുടർന്നും സാധ്യമാകേണ്ടതുണ്ട്. ■